**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **20-01-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മാടായി പള്ളിയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | **Shri .Ramachandran Kadannappalli**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ മാടായി പള്ളിയെ ചരിത്രസ്മാരകമായി സംരക്ഷിക്കുന്നത് സംബന്ധിച്ച് പഴശ്ശിരാജാ മ്യൂസിയം ചാർജ്ജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാടായി പള്ളിയുടെ പുരാവസ്തു പ്രാധാന്യം സംബന്ധിച്ച പഴശ്ശിരാജാ മ്യൂസിയം ചാർജ്ജോഫീസറുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. മാലിക് ദിനാർ സ്ഥാപിച്ച മാടായിപ്പള്ളി നിലവിൽ പുതിയ കെട്ടിട നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് പുനർ നിർമ്മിക്കപ്പെട്ടതാണെന്നും നിരവധി പുതുക്കലുകൾക്കും മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ, പുരാവസ്തുപരമായ പ്രാധാന്യം പൂർണ്ണമായും നഷ്ടപ്പെട്ടുപോയ മാടായിപ്പള്ളി 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് യോഗ്യമല്ല എന്ന് കാണുന്നു. കേരളത്തിലെ പുരാവസ്തു മൂല്യമുള്ള മുസ്ലീം പള്ളി കെട്ടിടങ്ങൾ മിക്കതും പുരാവസ്തു സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള അറിവില്ലായ്മയും അശ്രദ്ധയും നിമിത്തം അശാസ്ത്രീയമായി പുതുക്കി പണിയുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ തന്നെ ആദ്യത്തെ മുസ്ലീം പള്ളിയായ കൊടുങ്ങല്ലൂർ പള്ളിയിലെ പോലും പുരാവസ്തുക്കൾ നീക്കം ചെയ്യപ്പെട്ട സാഹചര്യം ശ്രദ്ധേയമാണ്. കണ്ണൂർ മാടായിപ്പള്ളിയുടെ അവസ്ഥയും അത് തന്നെയാണ്. ഇനി വളരെ ചെറിയ എണ്ണം പുരാവസ്തു പള്ളി കെട്ടിടങ്ങൾ മാത്രമേ കേരളത്തിൽ അവശേഷിക്കുന്നുള്ളൂ. അവയുടെയെങ്കിലും സംരക്ഷണത്തിന് അടിയന്തിര നടപടി ആവശ്യമാണ്. പ്രസ്തുത സാഹചര്യത്തിൽ, സംസ്ഥാനത്തെ പുരാവസ്തു പ്രാധാന്യമുള്ള മുസ്ലീം പള്ളി കെട്ടിടങ്ങളും വസ്തു വകകളും നിയമപ്രകാരം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികളും, ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളും സംസ്ഥാന |

| | | | |
|---|---|---|---|
| | | | പുരാവസ്തു വകുപ്പുമായി കൂട്ടിച്ചേർന്നു സ്വീകരിക്കുവാൻ കേരള സംസ്ഥാന വഖഫ് ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുരാവസ്തു - പൈതൃക പ്രാധാന്യമുള്ള മുസ്ലീം പള്ളികളുടേയും വസ്തു വകകളുടേയും സംരക്ഷണത്തിന് സംസ്ഥാന വഖഫ് ബോർഡിൽ നിന്നും സ്വീകരിക്കുന്ന നടപടികളിൽ സാദ്ധ്യമായ സഹായങ്ങൾ നൽകുന്നതിന് പുരാവസ്തുവകുപ്പ് സന്നദ്ധമാണെന്ന് വഖഫ് ബോർഡിനെ അറിയിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ